**ഗ്രാമ ന്യായാലയ കോടതി, പാറശ്ശാല**

**ഹാജർ: Mrs.ഷെഫ്ന.എസ്, ന്യായാധികാരി,**

**ഗ്രാമന്യായാലയ, പാറശ്ശാല**

**തീയതി:** 2026 ഏപ്രിൽ 17 / 1947 ചൈത്രം 27

**കേസ് നമ്പർ. S.T.447/2019**

(പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019)

| | | |
|---|---|---|
| വാദി | : | സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പാറശ്ശാല പോലീസ് സ്റ്റേഷൻ **പ്രതിനിധീകരിക്കുന്നത് ശ്രീമതി. ഷൈമ ഇക്ബാൽ (അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ)** |
| **പ്രതികൾ** | : | 1. ജോർജ്ജ്, വയസ്സ് 60/19, S/o.തങ്കപ്പൻ, ബിഷാ കോട്ടേജ്, വെട്ടുവിള, മുര്യങ്കര ദേശം, പാറശ്ശാല വില്ലേജ്.<br>2. സുരേന്ദ്രൻ, വയസ്സ് 49/19, ശ്രീനന്ദനം വീട്, ആശാരിവിള, പവതിയാൻ വിള, കരുമാനൂർ ദേശം, പാറശ്ശാല വില്ലേജ്.<br>3. കമലഭായി, വയസ്സ് 70/19, D/o.സെൽവിയാർ ഡോറാൾ, മുക്കോലയ്ക്കൽ വിളാകം പുരയിടത്ത് വീട്, പാറശ്ശാല ദേശ, പാറശ്ശാല വില്ലേജ്.<br>4. ജോൺ തിലക് രാജ്, വയസ്സ് 44/19, S/o.ജസ്റ്റിൻ മാർട്ടിൻ, മുക്കോലയ്ക്കൽ വിളാകം പുരയിടത്ത് വീട്, പാറശ്ശാല ദേശം, പാറശ്ശാല വില്ലേജ്.<br>5. ജസ്റ്റിൻ തിലക് രാജ്, വയസ്സ് 36/19, S/o. ജസ്റ്റിൻ മാർട്ടിൻ, മുക്കോലയ്ക്കൽ വിളാകം പുരയിടത്ത് വീട്, പാറശ്ശാല ദേശം, പാറശ്ശാല വില്ലേജ്.<br>**(അഭിഭാഷകൻ : എസ്. ലേഖ)** |
| **വകുപ്പുകൾ** | : | ഭാരതീയ ശിക്ഷാസംഹിതയുടെ 143, 147, 294 (b), 153 r/w 149 |
| **പ്രതിയുടെ വാദം** | : | കുറ്റം ചെയ്തിട്ടില്ല. |
| **കണ്ടെത്തൽ** | : | കുറ്റം ചെയ്തിട്ടില്ല |
| **ഉത്തരവ്** | : | 1 മുതൽ 5 വരെയുള്ള പ്രതികളെ ഭാരതീയ ശിക്ഷാ സംഹിതയുടെ 143, 147, 294 (b), 153 r/w 149 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതികളെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. |

## പ്രതികളുടെ വിവരങ്ങൾ

| Sl. No. | പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പരും | പേര് | അച്ഛന്റെ പേര് | ജോലി | താമസ സ്ഥലം | വയസ്സ് |
|---|---|---|---|---|---|---|
| 1. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019 | ജോർജ്ജ് | തങ്കപ്പൻ | - | പാറശ്ശാല | 60/19 |
| 2. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019 | സുരേന്ദ്രൻ | - | - | പാറശ്ശാല | 49/19 |
| 3. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019 | കമലഭായി | സെൽവി യാർ ഡോറാൾ | - | പാറശ്ശാല | 70/19 |
| 4. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019 | ജോൺ തിലക് രാജ് | ജസ്റ്റിൻ മാർട്ടിൻ | - | പാറശ്ശാല | 44/19 |
| 5. | പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം: 1030/2019 | ജസ്റ്റിൻ തിലക് രാജ് | ജസ്റ്റിൻ മാർട്ടിൻ | - | പാറശ്ശാല | 36/19 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | പ്രതിയെ അറസ്റ്റ് ചെയ്തത്/ ഹാജരായത് | ജാമ്യത്തിൽ വിട്ടത് | വിചാരണ തുടങ്ങിയത് | എവിഡൻസ് തുടങ്ങിയത് |
|---|---|---|---|---|---|
| 08.09.2019 | 08.09.2019 | 09.11.2022 | 09.11.2022 | 09.11.2022 | 08.02.2023 |

| വിചാരണ അവസാനിച്ചത് | ഉത്തരവ് | കാലതാമസം | തടവിൽ കഴിഞ്ഞ കാലയളവ് |
|---|---|---|---|
| 10.04.2026 | 17.04.2026 | ഇല്ല | - |

ഈ വ്യവഹാരം 10.04.2026 ൽ ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ ഇന്നേ ദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിധിന്യായം

1. പാറശ്ശാല പോലീസ് ഭാരതീയ ശിക്ഷാസംഹിതയുടെ 143, 147, 294 (b), 153 r/w 149 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈം നമ്പർ 1030/2019 ആയി പതിച്ച നടപടിയിൽ നിന്ന് ഉൽഭവിച്ച വ്യവഹാരമാണിത്.
2. പ്രതികൾക്ക് സ്ഥലത്ത് ഇരുവിഭാഗങ്ങളെ തമ്മിലടിപ്പിച്ച് പൊതുസമാധാനം നശിപ്പിക്കണമെന്നും കലാപം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 1 മുതൽ 5 വരെയുള്ള പ്രതികൾ സംഘം ചേർന്ന് അവരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി ആലോചിച്ചുറച്ച് 08.09.2019 തീയതി ഉച്ചയ്ക്ക് 12.00 മണിയോടുകൂടി പാറശ്ശാല വില്ലേജിൽ ടി ദേശത്ത് പാറശ്ശാല ഗാന്ധിപാർക്കിന് സമീപം ഫുഡ്പാത്തിൽ വച്ച് സംഘർഷം നടക്കുന്നതറിഞ്ഞ് സ്ഥലത്തെത്തിയ അഞ്ചാം സാക്ഷിയും മറ്റ് സാക്ഷികളുംചേർന്ന് ആയത് പറഞ്ഞ് വിലക്കാൻ ശ്രമിച്ചെങ്കിലും 1 മുതൽ 5 വരെ പ്രതികൾ വീണ്ടും സ്ഥലത്ത് സംഘർഷവും അതുവഴി സ്ഥലത്ത് കലാപവും ഉണ്ടാക്കാൻ ശ്രമിച്ചും പ്രതികൾ ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 294 (b), 153 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്നതാണ് കുറ്റച്ചുമത്തം.
3. കുറ്റവിചാരണ നടപടി സംഹിതയുടെ 173-ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ തക്ക കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് ST No.447/2019 ആയി അക്കമിട്ട് 1 മുതൽ 5 വരെ പ്രതികൾ കോടതിയിൽ ഹാജരാകാനുള്ള കല്പന അയക്കുകയും ചെയ്തു.
4. കുറ്റപത്രത്തിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ പ്രതികൾക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണ് എന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി നിയമം 207 ആം വകുപ്പ് പ്രകാരമുള്ള നടപടി

ക്രമങ്ങൾ പൂർത്തിയാക്കി.

5. പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ പ്രതികളെ ജാമ്യത്തിൽ വിട്ടു.
6. 1 മുതൽ 5 വരെയുള്ള പ്രതികളെ ഇൻഡ്യൻ ശിക്ഷാ നിയമം 283, 294 (b), 506 (i) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതികൾ കുറ്റം നിഷേധിച്ച് വിചാരണ വേണമെന്ന് ആവശ്യപ്പെട്ടു.
7. പ്രതികൾക്കെതിരെ ആരോപിച്ച കുറ്റം തെളിയിക്കുന്നതിലേയ്ക്കായി പ്രോസിക്യൂഷൻ ഭാഗത്തുനിന്നും സമർപ്പിച്ച സാക്ഷിപ്പട്ടികയിലെ സാക്ഷികളെ PW1 മുതൽ PW7 വരെ ആയി വിസ്തരിക്കുകയും Ext.P1 മുതൽ Ext.P6 വരെയുള്ള രേഖകളെ അക്കമിട്ട് തെളിവിൽ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതോടെ പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിപ്പിച്ചു.
8. പ്രോസിക്യൂഷൻ ഭാഗം തെളിവെടുപ്പിനു ശേഷം പ്രതികളോട് ക്രിമിനൽ നടപടി നിയമം 313 (1) (b) അനുസരിച്ചുള്ള ചോദ്യങ്ങൾ ചോദിച്ചു. പ്രതികൾ തങ്ങൾക്കെതിരായുള്ള എല്ലാ തെളിവുകളും നിരാകരിക്കുകയും തങ്ങൾ നിരപരാധിയാണെന്ന് സമർപ്പിക്കുകയും ചെയ്തു.
9. പ്രതിഭാഗത്ത് നിന്നും യാതൊരു രേഖകളും ഹാജരാക്കിയില്ല. ഇതോടെ പ്രതിഭാഗം തെളിവ് അവസാനിപ്പിച്ചു.
10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവു രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.
11. താഴെപറയുന്ന സംഗതികളാണ് ഈ കേസിൽ തീരുമാനിക്കപ്പെടേണ്ടത്:
    1. 1 മുതൽ 5 വരെയുള്ള പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് അവരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി ആലോചിച്ചുറച്ച് അവരോരുത്തരും ടി സംഘത്തിലെ അംഗങ്ങളാണെന്ന അറിവോടുകൂടി ഭാരതീയ ശിക്ഷാ സംഹിതയുടെ 143 r/w 149 -ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?
    2. 1 മുതൽ 5 വരെയുള്ള പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് അവരുടെ

പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി ആലോചിച്ചുറച്ച് 08.09.2019 തീയതി ഉച്ചയ്ക്ക് 12.00 മണിയോട്ടുകൂടി പാറശ്ശാല വില്ലേജിൽ ടി ദേശത്ത് പാറശ്ശാല ഗാന്ധിപാർക്കിന് സമീപം ഫുഡ്പാത്തിൽ ഒരുമിച്ച് കൂടി ഭാരതീയ ശിക്ഷാ സംഹിതയുടെ 147 r/w 149 -ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?

3. 1 മുതൽ 5 വരെയുള്ള പ്രതികൾ അവരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി 08.09.2019 തീയതി ഉച്ചയ്ക്ക് 12.00 മണിയോട്ടുകൂടി പാറശ്ശാല ഗാന്ധിപാർക്കിന് സമീപം വച്ച് അസഭ്യം വിളിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b) -ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?
4. 1 മുതൽ 5 വരെയുള്ള പ്രതികൾ അവരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി 08.09.2019 തീയതി ഉച്ചയ്ക്ക് 12.00 മണിയോട്ടുകൂടി പാറശ്ശാല ഗാന്ധിപാർക്കിന് സമീപം സംഘർഷം ഉണ്ടാക്കി മനഃപൂർവ്വം പ്രകോപനം സൃഷ്ടിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 153 r/w 149 -ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?
5. കേസിലെ തീരുമാനം എന്താണ്?

12. <u>സാക്ഷിമൊഴികളുടെ വിവരണം:-</u> PW1, മുഖ്യവിസ്താരത്തിൽ മൊഴി തന്നിട്ടുള്ളത് 8.9.2019 തീയതി താൻ പാറശ്ശാല പോലീസ് സ്റ്റേഷനിൽ ഗ്രേഡ് CPO ആയിരിക്കെ പാറശാല ഗാന്ധി പാർക്കിനടുത്ത് തർക്ക ഭൂമിയിൽ പ്രശ്നം നടക്കുന്നതായി SI യ്ക്ക് ഫോൺ വഴി വിവരം ലഭിക്കുകയാൽ ടിയാന്റെ നിർദ്ദേശനുസരണം ASI വിജയകുമാർ, CW1, CW2 എന്നിവരോടൊപ്പം താനും ഗാന്ധി പാർക്കിന് സമീപം 12 മണിയോട്ടുകൂടി തർക്കഭൂമിയായ കടയിൽ എത്തിയെന്നും അവിടെ എക്സ് MLA എ.റ്റി ജോർജ്, മെമ്പർ സുരേന്ദ്രൻ, കമലാഭായി, കമലാഭായിയുടെ മക്കളായ ജോൺ തിലകരാജ്, ജസ്റ്റിൻ തിലകരാജ് എന്നിവർ പ്രശ്നമുണ്ടാക്കുന്നതായി കണ്ടു എന്നും കൂടുതൽ പ്രശ്നം ഉണ്ടാകുമെന്ന് SI യ്ക്കും തങ്ങൾക്കും ബോധ്യപ്പെടുകയാൽ എസ്.ഐയുടെ നിർദ്ദേശാനുസരണം കമലാഭായിയെ അറസ്റ്റ് ചെയ്ത് കൃത്യസ്ഥലത്ത് നിന്നും മാറ്റി എന്നും തുടർന്ന് എസ്.ഐ സ്ഥലത്ത് വെച്ച് മഹസർ തയ്യാറാക്കിയെന്നും പ്രതികളുമായി സ്റ്റേഷനിൽ പോയിട്ടുള്ളതാണ് എന്നുമാണ്. അപ്രകാരം ചെയ്ത പ്രതികളിൽ 3 പേർ

കോടതിയിൽ ഉണ്ട് എന്നും മറ്റുള്ളവരെയും അറിയാമെന്നും ആണ് ടിയാൻ മൊഴി തന്നിട്ടുള്ളത്. ടിയാന്റെ എതിർ വിസ്താരത്തിൽ സംഭവദിവസം 8 മണിയ്ക്കാണ് ഡ്യൂട്ടിയിൽ കയറിയത് എന്നും ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്ന് കാണിക്കുന്ന രേഖ ഹാജരാക്കിയിട്ടുണ്ടോ എന്ന് അറിയില്ല എന്നും കടയുടെ പേരറിയില്ല എന്നും അടച്ചിട്ടിരുന്ന കടയാണ് എന്നും അടച്ചിട്ടിരുന്ന കടയുടെ അവകാശ തർക്കമാണെന്ന് മൊഴിയിൽ പറഞ്ഞിട്ടില്ല എന്നും ഈ കടയുടെ നമ്പറോ സർവ്വേ നമ്പറോ അറിയില്ല എന്നും ഇരുഭാഗം തമ്മിൽ തർക്കം എന്നതിൽ മറുഭാഗം ആരാണെന്ന് അറിയില്ല എന്നും 50 ഓളം ആളുകൾ കൂടി എന്നും അവരുടെ പേരും അഡ്രസ്സും എഴുതിയെടുത്തോ എന്ന് അറിയില്ല കമലാഭായി അകത്ത് കയറിയത് കൊണ്ട് അവരെ അറസ്റ്റ് ചെയ്ത് മാറ്റിയെന്നും ബാക്കിയുള്ളവർ എന്തൊക്കെ ചെയ്തു എന്ന് പറയാൻ അറിയില്ല എന്നും ബഹളം എത്ര നേരം ഉണ്ടായിരുന്നു എന്ന് കൃത്യമായി അറിയില്ല എന്നും ഇരുചേരുകളായി തിരിഞ്ഞ് കടയുടെ മുന്നിലും കടയുടെ അകത്തുമായിട്ടാണ് നിന്നതെന്നും ഓരോ സൈഡിലും എത്ര പേർ ഉണ്ടായിരുന്നുവെന്ന് അറിയില്ല എന്നും ഡ്യൂട്ടി ചെയ്യാൻ തടസ്സമുണ്ടായിരുന്നില്ല എന്നും കടയിൽ അതിക്രമിച്ച് കയറി കമലാഭായി അകത്ത് കിടക്കുകയായിരുന്നുവെന്നും താൻ ചെന്നപ്പോൾ കമലാഭായി കടയ്ക്കകത്താണ് നിന്നതെന്ന് താൻ മൊഴി കൊടുത്തിട്ടില്ല എന്നും ഇരു കൂട്ടരെയും പ്രതികളാക്കിയോ എന്ന് തനിക്കറിയില്ല എന്നും ഇരു വിഭാഗവും പരാതി തന്നിട്ടുണ്ടോ എന്ന് തനിക്കറിയില്ല എന്നും കമലാഭായിയെ മാത്രമാണ് അറസ്റ്റ് ചെയ്തതെന്നും എന്ത് അസഭ്യമാണ് വിളിച്ചതെന്ന് ഓർക്കുന്നില്ല എന്നും 5 പേർ മാത്രമാണ് സംഭവത്തിൽ പങ്കാളികളായിട്ടുണ്ടായിരുന്നത് എന്നും മൊഴി കൊടുത്തിട്ടുണ്ട് എന്നും ഒന്നാം പ്രതിയെ നേരത്തെ അറിയാം എന്നും എതിർഭാഗത്തെ അറിയില്ല എന്നും മൊഴി തന്നിരിക്കുന്നു.

13. PW2 മുഖ്യവിസ്താരത്തിൽ മൊഴി തന്നിട്ടുള്ളത് താൻ പാറശ്ശാല പോലീസ് സ്റ്റേഷനിൽ ജോലി നോക്കവേ 8.9.2019 തീയതി പാറശാല ഗാന്ധി പാർക്കിന് സമീപം കടയുടെ അവകാശത്തർക്കത്തെ തുടർന്ന് ഇരുവിഭാഗങ്ങൾ തമ്മിൽ തമ്മിലടിക്കുന്നതും കലാപം ഉണ്ടാവുന്നതും ഫോൺ കോൾ വഴി SI യ്ക്ക് നിർദ്ദേശം കിട്ടുകയും ടിയാനോടൊപ്പം താനും CPO ബിജുകുമാർ, WCPO ജീജ, മിനി എന്നിവരും കൂടെ സ്ഥലത്തെത്തിയെന്നും അപ്പോൾ EX MLA, എ.റ്റി ജോർജ്, പഞ്ചായത്ത് മെമ്പർ സുരേന്ദ്രൻ, കമലാഭായി, ജസ്റ്റിൻ. തിലക്ക് പിന്നെ ഒരാളും 50-ഓളം പേരുമായി വാക്ക് തർക്കവും അസഭ്യവും

പറയുന്നത് കണ്ട് SI പിരിഞ്ഞുപോകാൻ ആവശ്യപ്പെടുകയും പോകാത്തതിനാൽ സംഭവത്തിൽ പ്രശ്നമുണ്ടാക്കിയ കമലഭായിയെ WCPO മിനിയും, ജീജയും അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ എത്തിക്കുകയും തുടർന്ന് കേസ് രേഖപ്പെടുത്തുകയും ചെയ്തു എന്നും സംഭവസ്ഥലത്ത് വെച്ച് സീൻ മഹസർ തയ്യാറാക്കിയെന്നും അതിൽ താൻ സാക്ഷിയായി ഒപ്പിട്ടുവെന്നും ആയതാണ് Ext.P1 എന്നും പ്രതികളെ കണ്ടാൽ തിരിച്ചറിയാം, കോടതിയിലുണ്ട് എന്നുമാണ്. ടിയാൻ എതിർ വിസ്താരത്തിൽ ഗാന്ധി പാർക്കിന് സമീപം ഉള്ള കടയാണെന്നും കടയുടെ പേര്, എന്ത് കച്ചവടം ഒന്നും അറിയില്ല എന്നും 12 മണിക്കാണ് വിവരം ലഭിച്ചതെന്നും തങ്ങൾ 12 മണിയോടെ സംഭവസ്ഥലത്ത് എത്തിയെന്നും ഇരു വിഭാഗങ്ങളിൽ മറ്റേ വിഭാഗം സ്ഥലത്തുണ്ടായിരുന്നവരാണ് എന്നും ബഹളം കേട്ട് സ്ഥലത്തുണ്ടായിരുന്നവരും ബഹളം കേട്ട് കൂടിയവരുമാണ് എന്നും ആർക്കും പരിക്കൊന്നും പറ്റിയിട്ടില്ല എന്നും ഇരുകൂട്ടരും പരാതി നൽകിയിട്ടില്ല എന്നും മറ്റേ വിഭാഗത്തെ പ്രതിയാക്കി കേസെടുത്തിട്ടില്ല എന്നും 10 മിനിറ്റോളം ബഹളം ഉണ്ടായിരുന്നുവെന്നും അത്രയും സമയം തങ്ങൾ അവിടെ ഉണ്ടായിരുന്നു എന്നും സംഭവസ്ഥലത്തെത്തിയ സമയം മൊഴിയിൽ പറഞ്ഞിട്ടില്ല എന്ന് ചോദിച്ചതിൽ 12 മണി എന്ന് പറഞ്ഞിട്ടുണ്ട് എന്നും ഇരു വിഭാഗത്തിൽ മറ്റ് വിഭാഗം ആരാണെന്ന് അറിയില്ല എന്നും കടയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കമാണ് എന്നും ഒന്നും രണ്ടും പ്രതികളെ മുൻപരിചയമില്ല, അവിടെയാണ് കാണുന്നതെന്നും 1-ാം പ്രതി എക്സ് MLA ആണ് എന്നും രണ്ടാം പ്രതി വാർഡ് മെമ്പർ ആണ് എന്നും പറഞ്ഞ് അറിയാമെന്നും 4-ഉം 5-ഉം പ്രതികൾ 3-ാം പ്രതിയുടെ മക്കളാണെന്നറിയാമെന്നും CW5 ഡൊമിനിക്കിനോടൊപ്പമാണോ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നത് എന്ന് ചോദിച്ചാൽ തനിക്ക് അദ്ദേഹത്തെ അറിയില്ല എന്നും CW5 മായുള്ള സിവിൽ കേസിൽ തെളിവുണ്ടാക്കാൻ ടിയാന്റെ സ്വാധീനത്തിൽ CW3 യെ വീട്ടിൽ നിന്നും വിളിച്ചുകൊണ്ടുപോയി കളവായി കേസിൽ ഉൾപ്പെടുത്തി അറസ്റ്റ് ചെയ്തു എന്ന് പറഞ്ഞാൽ ശരിയല്ല എന്നും അന്നേ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്ന രേഖകൾ താൻ ഹാജരാക്കിയിട്ടില്ല എന്നും കേസിന്റെ ആവശ്യത്തിന് സ്റ്റേഷനിൽ വെച്ച് തയ്യാറാക്കിയ മഹസറല്ല എന്നും മൊഴി തന്നിരിക്കുന്നു.

14. താൻ പാറശാല പോലീസ് സ്റ്റേഷനിൽ ജോലി നോക്കി വരവെ 8.9.2019 തീയതി പട്രോൾ ഡ്യൂട്ടി ആയിരുന്നു എന്നും അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിയോടുകൂടി ഗാന്ധി

പാർക്കിന് സമീപം കടമുറിയുടെ ഉടമസ്ഥവകാശം സംബന്ധിച്ച് തർക്കം നടക്കുന്നതായും അടിപിടി കലാപം ഉണ്ടാകുന്നതായും എസ്.ഐയ്ക്ക് ഫോൺ മുഖാന്തരം അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനോടൊപ്പം താനും, ASI വിജയകുമാർ, WCPO ജീജ, മിനി എന്നിവരുമായി ഗാന്ധി പാർക്കിന് സമീപം എത്തിയ സമയം ഏകദേശം 50 ആൾക്കാർ കൂടി നിൽക്കുന്നതും അസഭ്യം പറയുന്നതും അടിപിടി നടക്കുന്നതുമായി കാണുകയും ടിയാൻമാരോട് പിരിഞ്ഞുപോകാൻ പറഞ്ഞ സമയം വീണ്ടും അക്രമാസക്തമാവുകയും ചെയ്തുവെന്നും എക്സ് MLA A.T ജോർജ്, വാർഡ് മെമ്പർ സുരേന്ദ്രൻ, കമലാഭായി, മക്കളായ ജസ്റ്റിൻ, ജോൺ എന്നിവരുമായി ബഹളം ഉണ്ടാക്കുന്നത് കണ്ട് കമലാഭായിയെ ബഹളം ഒഴിവാക്കുന്നതിനായി WCPO ജിജയെയും മിനിയും ചേർന്ന് അവിടെ വെച്ച് നിയമാനുസരണം അറസ്റ്റ് ചെയ്ത് ബന്തവസ്സിൽ നിർത്തിയ ശേഷം മഹസർ തയ്യാറാക്കി സ്റ്റേഷനിൽ കൊണ്ടുപോയി കേസ് രജിസ്റ്റർ ചെയ്തുവെന്നും മഹസറിൽ താൻ സാക്ഷിയായി ഒപ്പിട്ടിരുന്നുവെന്നും പ്രതികളെ കണ്ടാൽ തിരിച്ചറിയാമെന്നും ഒരാൾ കോടതിയിൽ ഉണ്ട് എന്നും മൊഴി തന്നിരിക്കുന്നു. ടിയാന്റെ എതിർ വിസ്താരത്തിൽ അന്നേദിവസം തന്നെ പോലീസിൽ മൊഴി കൊടുത്തിരുന്നുവെന്നും ഗാന്ധി പാർക്കിനോട് അടുത്തുള്ള കടയുടെ പേരറിയില്ല കണ്ടാലറിയാമെന്നും ഏത് കച്ചവടമാണെന്നറിയില്ല എന്നും മറ്റ് വിഭാഗം ആരാണെന്നോർക്കുന്നില്ലായെന്നും മറ്റേ വിഭാഗത്തിന്റെ പരാതി ലഭിച്ചതായി ഓർക്കുന്നില്ല എന്നും ഇരു വിഭാഗങ്ങൾ അടിപിടിയായിട്ട് മറ്റേ വിഭാഗത്തിനെതിരെ കേസെടുക്കാത്തതിന്റെ കാരണം എന്തെന്ന് ചോദിച്ചതിൽ ഒരു വിഭാഗമാണ് മറ്റ് വിഭാഗത്തെ അറ്റാക്ക് ചെയ്തത് എന്നും തമ്മിൽ അടിപിടി കൂടിയെന്ന് പറയുന്നത് കളവാണോ എന്ന് ചോദിച്ചതിൽ അങ്ങനെയാണ് വിവരം ലഭിച്ചത്, ചെന്നപ്പോൾ ഇങ്ങനെ കണ്ടു എന്നും തമ്മിൽ അടികൂടിയതായി ഓർക്കുന്നില്ല എന്നും പരിക്കുകൾ ഇല്ല എന്നും CW5 ഡൊമിനിക്കിനോടൊപ്പമാണോ അന്നേ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതെന്ന് ഓർക്കുന്നില്ല എന്നും 12.5 ആയപ്പോൾ സംഭവസ്ഥലത്ത് എത്തിയെന്നും അപ്രകാരം മൊഴി കൊടുത്തിട്ടില്ല എന്നും കമലാഭായിയെ അറസ്റ്റ് ചെയ്തപ്പോൾ തന്നെ മറ്റുള്ളവർ അപ്പോഴേക്കും പിരിഞ്ഞുപോയി എന്നും പ്രതികളെ മുൻപരിചയമില്ല എന്നും എക്സ് MLA ആണെന്ന് അറിയാമെന്നും കേസിലെ CW5 ഡൊമനിക് പ്രതികളുമായുള്ള സിവിൽ കേസിന് തെളിവുണ്ടാക്കുന്നതിന് വേണ്ടിയും

പ്രതികാരം തീർക്കുന്നതിന് വേണ്ടിയും കളവായെടുത്ത കേസിൽ മൊഴി പറയുന്നു എന്ന് പറഞ്ഞാൽ ശരിയല്ല എന്നും അന്നേ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്ന് കാണിക്കുന്ന രേഖകൾ ഹാജരാക്കിയോ എന്ന് ഓർക്കുന്നില്ല എന്നും മൂന്നാം പ്രതിയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി അറസ്റ്റ് രേഖപ്പെടുത്തി എന്ന് പറഞ്ഞാൽ ശരിയല്ല എന്നും മഹസർ കളവായി സ്റ്റേഷനിൽ തയ്യാറാക്കിയെന്ന് പറഞ്ഞാൽ ശരിയല്ല എന്നും മൊഴി തന്നിരിക്കുന്നു.

15. 8.9.2018 തീയതി താൻ പാറശ്ശാല പോലീസ് സ്റ്റേഷനിൽ CPO ആയി ജോലി ചെയ്യവെ 12 മണിയോടുകൂടി ജംഗ്ഷനിൽ ഒരു പ്രശ്നമുണ്ട് പോകണമെന്ന് SI പറഞ്ഞതിൽ താനും WCPO ജീജയും, വിജയകുമാറും, ബിജു കുമാർ സാറും കൂടെ പോയി എന്നും കുറേ ആൾക്കാർ ജംഗ്ഷനിൽ കടയുടെ ഫ്രണ്ടിൽ കൂടി നിൽക്കുകയായിരുന്നുവെന്നും കമലാഭായി എന്നയാൾ കടയുടെ ഫ്രണ്ടിൽ കിടക്കുകയായിരുന്നുവെന്നും SI യുടെ നിർദ്ദേശാനുസരണം അവരെ താനും, ജീജയും ചേർന്ന് അറസ്റ്റ് ചെയ്തുവെന്നും അറസ്റ്റ് ചെയ്ത പ്രതിയെയും മറ്റുള്ള പ്രതികളെയും കണ്ടാലറിയാമെന്നും കമലാഭായി എന്നയാൾ കടയുടെ മുൻപിൽ കിടക്കുകയായിരുന്നു എന്ന് മൊഴിയിൽ പറഞ്ഞുകൊടുത്തിരുന്നു എന്നും ഗാന്ധി പാർക്കിന് സമീപമുള്ള കടയായിരുന്നു, കടയ്ക്ക് പ്രത്യേകിച്ച് പേരില്ലായിരുന്നു എന്നും കട പൂട്ടിക്കിടക്കുകയായിരുന്നുവെന്നും കടയുടെ നമ്പറോ സർവ്വേ നമ്പറോ അറിയില്ല എന്നും പ്രതികൾ അവരുടെ കടയാണ് എന്ന് പറഞ്ഞുകൊണ്ടുള്ള തർക്കമാണ് നടന്നത് എന്നും ഇത് മൊഴിയിൽ പറഞ്ഞിട്ടുണ്ട് എന്നും മറ്റേ വിഭാഗത്തിൽ പെട്ടത് ആരാണെന്നറിയില്ല എന്നും വിവരം ലഭിച്ച് 12.05-നാണ് സ്ഥലത്ത് എത്തിയതെന്നും 10 - 15 മിനിറ്റോളം ബഹളമുണ്ടായിരുന്നുവെന്നും അഞ്ചോ ആറോ പോലീസുകാർ സ്ഥലത്തുണ്ടായിരുന്നുവെന്നും കേസിലെ 3-ാം പ്രതിയല്ലാതെ വേറെ ആരെയും അറസ്റ്റ് ചെയ്തു നീക്കിയില്ല എന്നും 4, 5 പ്രതികൾ 3-ാം പ്രതിയുടെ മക്കളാണെന്നറിയാമെന്നും ഒന്നാം പ്രതി എക്സ് MLA ആണെന്നും കോൺഗ്രസ് അനുഭാവിയാണെന്നും അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടെന്ന് കാണിക്കുന്ന രേഖകൾ കോടതിയിൽ നൽകിയിട്ടില്ല എന്നും സ്റ്റേഷനിൽ രേഖകൾ ഉണ്ട് എന്നും ഇരു വിഭാഗക്കാർ 2 രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നറിയില്ല എന്നും അവിടെ 100-ഓളം പേർ ഉണ്ടായിരുന്നു എന്നും കുറേ അധികം കാഴ്ചക്കാർ പ്രശ്നങ്ങളൊന്നും ഉണ്ടാക്കാതെ പോവുകയായിരുന്നു എന്നും മൊഴി തന്നിരിക്കുന്നു.

16. PW5 സംഭവം കണ്ടിട്ടില്ലായെന്ന് വിചാരണാഭാഗത്തിന് എതിരായാണ് മൊഴി തന്നിട്ടുള്ളത്.

17. PW6 മുഖ്യവിസ്താരത്തിൽ മൊഴി തന്നിട്ടുള്ളത് 2019 സെപ്റ്റംബർ മാസം പാറശാല പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടറായി ജോലി നോക്കി വരവേ 8.9.2019 തീയതി ഉച്ചയ്ക്ക് 12 മണിയോട് കൂടി പോലീസ് സ്റ്റേഷനിൽ നിൽക്കുമ്പോൾ പാറശ്ശാല ഗാന്ധി പാർക്കിന് സമീപമുള്ള കടയുടെ അവകാശ തർക്കം സംബന്ധിച്ച് ഇരു വിഭാഗങ്ങൾ തമ്മിൽ വാക്കുതർക്കവും അടിപിടിയും നടക്കുന്നതായി ഫോണിൽ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ താനും ഗ്രേഡ് ASI വിജയകുമാർ, CPO ബിജുകുമാർ. WCPO മാരായ ജീജ, മിനി എന്നിവരുമായി സംഭവസ്ഥലത്ത് എത്തിയ സമയം എക്സ് MLA A.T ജോർജ്, മെമ്പർ സുരേന്ദ്രൻ, കമലാഭായി, കമലാഭായിയുടെ മക്കളായ ജോൺ തിലകരാജ്, ജസ്റ്റിൻ തിലകരാജ് എന്നിവരും കണ്ടാൽ അറിയാവുന്ന 50-ഓളം പേരും സ്ഥലത്ത് ഇരുവിഭാഗങ്ങൾ തമ്മിൽ അടിച്ച് കലാപം ഉണ്ടാക്കുന്നതിനെ കണ്ട് താനും പാർട്ടിയുമായി ഇരുവിഭാഗങ്ങളോടും പിരിഞ്ഞുപോകാൻ ആവശ്യപ്പെടുകയും ഇത് പറഞ്ഞ സമയം കമലാഭായി തന്നെ 'ഇത് പറയാൻ നീ ആരാടാ' എന്ന് ചീത്ത വിളിക്കുകയും വീണ്ടും സംഘർഷമുണ്ടാകുന്നത് തടയുന്നതിന് വേണ്ടി ടിയാന്മാരെ സ്ഥലത്ത് നിന്ന് നീക്കം ചെയ്തില്ലെങ്കിൽ കലാപം ഉണ്ടാകുമെന്നും അതുവഴി കൊലപാതകം വരെ നടക്കാൻ സാധ്യതയുള്ളതിനാൽ ആയതിന് ശ്രമിച്ച കമലാഭായിയോട് വീണ്ടും പിരിഞ്ഞ് പോകാൻ പറഞ്ഞപ്പോൾ "അത് പറയാൻ നീ ആരാടാ തള്ളയോളി" എന്ന് പരസ്യമായി ചീത്ത വിളിക്കുകയും ഉടനെ തന്നെ WCPO മാരായ ജീജ, മിനി എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലത്ത് വെച്ച് കമലാഭായിയെ അറസ്റ്റ് ചെയ്ത് സ്ഥലത്തിന്റെ മഹസർ തടസ്സരുടെ സാന്നിദ്ധ്യത്തിൽ രേഖപ്പെടുത്തിയെന്നും സ്ഥലം പാറശ്ശാല വില്ലേജിൽ നെയ്യാറ്റിൻകര - കളിയിക്കാവിള എൻ.എച്ച് റോഡിൽ നിന്നും ഉദ്ദേശം 30 മീറ്റർ കിഴക്കുമാറി ആണ് എന്നും തുടർന്ന് സ്റ്റേഷനിലെത്തി പ്രഥമ വിവരം രേഖപ്പെടുത്തി എന്നും ആയതാണ് Ext.P2 എന്നും ആയതിന്റെ അടിസ്ഥാനത്തിൽ Ext. P3 FIR രജിസ്റ്റർ ചെയ്തുവെന്നും. തുടർന്ന് അറസ്റ്റ് ചെയ്ത 3-ാം പ്രതിയെ മെഡിക്കൽ പരിശോധന നടത്തി സർട്ടിഫിക്കേറ്റുമായി സ്റ്റേഷനിൽ കൊണ്ടുവന്ന് മതിയായ ജാമ്യക്കാരുടെ ജാമ്യത്തിൽ Ext. P4 ജാമ്യച്ചീട്ട് പ്രകാരം ജാമ്യത്തിൽ വിട്ടുവെന്നും അറസ്റ്റ് ചെയ്ത പ്രതികളെ കണ്ടാൽ അറിയാമെന്നും

പ്രതികളെ തിരിച്ചറിഞ്ഞ Ext.P5 റിപ്പോർട്ട് കോടതിയ്ക്ക് അയച്ചിട്ടുണ്ട് എന്നുമാണ്. ടിയാന്റെ എതിർ വിസ്താരത്തിൽ സംഭവത്തിൽ റിട്ടൺ കംപ്ലയിന്റ് കിട്ടിയിട്ടില്ല എന്നും ഗാന്ധി പാർക്കിനടുത്തുള്ള കട എന്നല്ലാതെ കടയുടെ നമ്പറോ പേരോ ഏത് സർവ്വേയിൽപ്പെട്ടതാണോ എന്ന വിവരങ്ങൾ FIR-ൽ പറഞ്ഞിട്ടില്ല എന്നും ഏതുതരം അവകാശ തർക്കമാണെന്ന് FIR-ൽ പറഞ്ഞിട്ടില്ല എന്നും ഇരു വിഭാഗങ്ങളിൽ മറ്റേ വിഭാഗം ഏതാണെന്ന് FIR-ലും FIS-ലും പറഞ്ഞിട്ടില്ല എന്നും മറ്റേ വിഭാഗം പിരിഞ്ഞുപോയതിനാലാണ് പറയാത്തതെന്നും സംഭവസ്ഥലത്തെത്തിയപ്പോൾ എല്ലാവരും പിരിഞ്ഞുപോയിരുന്നു എന്ന് പറഞ്ഞാൽ ശരിയല്ല എന്നും 'നീ ആരാടാ' എന്ന് ചോദിച്ചു എന്നുള്ള വിവരം FIR പറഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ ശരിയാണ് എന്നും ഇരു വിഭാഗങ്ങളിൽ ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്ന് ചോദിച്ചാൽ നൽകിയിട്ടില്ല എന്നും പ്രതികളിൽ ആരൊക്കെ എന്തൊക്കെ ചെയ്തു എന്ന് ചോദിച്ചാൽ 1 മുതൽ 5 വരെയുള്ള പ്രതികൾ എന്തൊക്കെ ചെയ്തു എന്ന് പറഞ്ഞിട്ടുണ്ട് എന്നും ഇന്ന ഇന്ന വ്യക്തികൾ ഇന്ന ഇന്ന പ്രവർത്തി ചെയ്തു എന്ന് പറഞ്ഞിട്ടില്ല എന്നും 12 മണിയ്ക്ക് സ്റ്റേഷനിൽ നിന്ന് പുറപ്പെട്ട് 5 മിനിറ്റിനകം സംഭവസ്ഥലത്ത് എത്തി എന്നും സംഘർഷത്തിൽ ആർക്കും പരിക്ക് പറ്റിയില്ല എന്നും പരിക്ക് പറ്റുന്നതിന് മുമ്പ് താൻ തടഞ്ഞു എന്നും എന്ത് ചീത്തയാണ് വിളിച്ചത് എന്ന് FIR ൽ പറഞ്ഞിട്ടുണ്ടോ എന്ന് ചോദിച്ചാൽ, പറഞ്ഞിട്ടില്ല എന്നും അന്നേ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയിരുന്നോ എന്ന് അറിയില്ല എന്നും 1 മുതൽ 5 വരെയുള്ള പ്രതികളുടെ പേര് വിവരങ്ങൾ സംഭവസ്ഥലത്തുനിന്നും കളക്ട് ചെയ്തുവെന്നും അവിടെ നിന്ന ആരോ പറഞ്ഞു തന്നു എന്നും സംഭവം നടക്കുമ്പോൾ അവിടെ 50-ൽ കൂടുതൽ ആൾക്കാർ ഉണ്ടായിരുന്നു എന്നും സ്വതന്ത്ര സാക്ഷികളെ ആരെയെങ്കിലും മഹസ്സർ സാക്ഷിയാക്കുന്നതിൽ തടസ്സം ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ ആ സമയത്ത് സാധിച്ചില്ലായെന്നും തങ്ങൾ ചെല്ലുമ്പോൾ 3-ാം പ്രതി കടയുടെ ഫ്രണ്ടിൽ കിടക്കുകയായിരുന്നു എന്നും Ext. P4-ൽ സമയം പറഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ ശരിയാണ് എന്നും തീയതി പറഞ്ഞിട്ടുണ്ട് എന്നും കേസിന്റെ ആവശ്യത്തിലേക്കായി പ്രതിയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി അറസ്റ്റ് ചെയ്തതാണെന്ന് പറഞ്ഞാൽ ശരിയല്ല എന്നും മൊഴി തന്നിരിക്കുന്നു.

18. **<u>ഒന്നു മുതൽ നാല് വരെയുള്ള സംഗതികൾ:-</u>** വസ്തുതകളുടെ ആവർത്തനം

ഒഴിവാക്കാനും അവലോകന സൗകര്യത്തിനുമായി ഒന്നു മുതൽ നാല് വരെയുള്ള സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു. 1 മുതൽ 5 വരെയുള്ള പ്രതികൾ സംഘം ചേർന്ന് അവരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി ആലോചിച്ചുറച്ച് 08.09.2019 തീയതി ഉച്ചയ്ക്ക് 12.00 മണിയോടുകൂടി പാറശ്ശാല ഗാന്ധിപാർക്കിന് സമീപം ഫുഡ്പാത്തിൽ വച്ച് സംഘർഷം നടക്കുന്നതറിഞ്ഞ് സ്ഥലത്തെത്തിയ അഞ്ചാം സാക്ഷിയും മറ്റ് സാക്ഷികളും ചേർന്ന് ആയത് പറഞ്ഞ് വിലക്കാൻ ശ്രമിച്ചെങ്കിലും 1 മുതൽ 5 വരെ പ്രതികൾ വീണ്ടും സ്ഥലത്ത് സംഘർഷവും അതുവഴി സ്ഥലത്ത് കലാപവും ഉണ്ടാക്കാൻ ശ്രമിച്ചും ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 294 (b), 153 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്നതാണ് വിചാരണാഭാഗം കേസ്.

19. ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 143, 147, 149 വകുപ്പുകൾ പ്രകാരമുള്ള അനധികൃത സമ്മേളനത്തിന്റെ കുറ്റം പ്രോസിക്യൂഷൻ സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് പ്രതിഭാഗം അഭിഭാഷകൻ വാദിച്ചു. പ്രതികൾ അനധികൃത സമ്മേളനം രൂപീകരിച്ചു പൊതുവായ ഉദ്ദേശത്തിന്റെ പ്രവർത്തികൾ നടത്തിയതാണെന്നാണ് ആരോപണം. ആയത് ഉറപ്പ് വരുത്തുന്നതിനുള്ള തെളിവുകൾ ഇല്ല എന്നും അത് പിന്തുണയ്ക്കുന്ന തെളിവുകളോ സാക്ഷി മൊഴികളോ ഇല്ല എന്നും കേസിൽ സ്വതന്ത്ര സാക്ഷികളെ ആരെയും വിസ്തരിച്ചിട്ടില്ല എന്നും ഇരുവിഭാഗങ്ങളായി തിരിഞ്ഞ് കലാപം സൃഷ്ടിച്ചു എന്ന് പറയുന്നെങ്കിലും, അതിൽ രണ്ടാമത്തെ വിഭാഗം ആരാണെന്നോ അവർക്കെതിരെ എന്ത് നടപടി എടുത്തു എന്നോ പറഞ്ഞിട്ടില്ല എന്നും കൃത്യസ്ഥല മഹസറിൽ സ്വതന്ത്ര സാക്ഷികൾ ആരും ഒപ്പിട്ടില്ല എന്നും സാക്ഷികളായിട്ടുള്ള പോലീസുകാരാരും അന്നേ ദിവസം ഡ്യൂട്ടിയിലുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും സാക്ഷി മൊഴികൾ തമ്മിൽ വൈരുദ്ധ്യമുണ്ട് എന്നും പ്രതിഭാഗം അഭിഭാഷകൻ വാദിച്ചു.

20. PW1 മൊഴി തന്നിട്ടുള്ളത് പ്രതികൾ സംഭവസ്ഥലത്ത് പ്രശ്നം ഉണ്ടാക്കുന്നതായി കണ്ടുവെന്നും കൂടുതൽ പ്രശ്നം ഉണ്ടാകുമെന്ന് ബോധ്യമായതിനാൽ 3-ാം പ്രതിയെ അറസ്റ്റ് ചെയ്ത് മാറ്റി എന്നുമാണ്. അടച്ചിട്ട കടയുടെ അവകാശത്തർക്കമാണ് നടന്നതെന്ന് മൊഴിയിൽ പറഞ്ഞിട്ടില്ല എന്നും കടയുടെ വിവരങ്ങൾ അറിയില്ല എന്നും മൂന്നാം പ്രതി അകത്ത് കയറിയതുകൊണ്ട് അറസ്റ്റ് ചെയ്ത് മാറ്റിയെന്നും ബാക്കിയുള്ളവരെ എന്ത് ചെയ്തെന്ന് അറിയില്ലായെന്നും 3-ാം പ്രതി കടയ്ക്കകത്ത്

കിടക്കുകയായിരുന്നു എന്നും മൊഴി തന്നിരിക്കുന്നു. എന്നാൽ PW2 ന്റെ മൊഴിയിൽ ഇപ്രകാരം മൂന്നാം പ്രതി കടയ്ക്കകത്ത് അതിക്രമിച്ച് കയറിയെന്നോ പ്രശ്നമുണ്ടാക്കിയെന്നോ പറയുന്നില്ല. PW3 മൊഴി തന്നിരിക്കുന്നത് സംഭവ സ്ഥലത്ത് അടിപിടി നടക്കുന്നതായി കണ്ടുവെന്നും പിരിഞ്ഞുപോകാൻ പറഞ്ഞ സമയം വീണ്ടും അക്രമാസക്തമായതിനാൽ 3-ാം പ്രതിയെ അറസ്റ്റ് ചെയ്തുവെന്നും 3-ാം പ്രതിയെ അറസ്റ്റ് ചെയ്തപ്പോൾ മറ്റുള്ളവരും പിരിഞ്ഞുപോയി എന്നാണ്. PW3 യുടെ മൊഴിയിലും മൂന്നാം പ്രതി കടയ്ക്കകത്ത് അതിക്രമിച്ച് കയറിയെന്നോ പ്രശ്നമുണ്ടാക്കിയെന്നോ പറയുന്നില്ല. PW4 മൊഴി തന്നിരിക്കുന്നത് 3-ാം പ്രതി കടയുടെ ഫ്രണ്ടിൽ കിടക്കുകയായിരുന്നു എന്നാണ്. ടിയാന്റെ മൊഴിയിൽ കട പൂട്ടിക്കിടക്കുകയായിരുന്നു എന്നും പറഞ്ഞിരിക്കുന്നു. ഇത് 1-ാം സാക്ഷിയുടെ 3-ാം പ്രതി കടയ്ക്ക് അകത്ത് അതിക്രമിച്ച് കയറിയെന്ന മൊഴിയുമായി വൈരുദ്ധ്യമുള്ളതാണ്. PW6 മൊഴി തന്നിട്ടുള്ളത് ഇരു വിഭാഗങ്ങൾ തമ്മിലിടിച്ച് കലാപമുണ്ടാക്കുന്നതിനെ കണ്ട് പിരിഞ്ഞുപോകാനാവശ്യപ്പെടുകയും ഇത് പറഞ്ഞ സമയം മൂന്നാം പ്രതി ഇത് പറയാൻ താൻ ആരാടാ എന്ന് ചീത്ത വിളിക്കുകയും വീണ്ടും പിരിഞ്ഞുപോകാൻ പറഞ്ഞപ്പോൾ, "ഇത് പറയാൻ നീ ആരാടാ തള്ളയോളി" എന്ന് പരസ്യമായി ചീത്ത വിളിക്കുകയും തുടർന്ന് WCPO മാരായ ജീജാ, മിനി എന്നിവരുടെ സാന്നിധ്യത്തിൽ 3-ാം പ്രതിയെ അറസ്റ്റ് ചെയ്തു എന്നുമാണ്. ഇപ്രകാരം അസഭ്യം വിളിച്ചതായിട്ട് മറ്റ് സാക്ഷിമൊഴികളിൽ എവിടെയും പറയുന്നില്ല. ഇത് മറ്റ് സാക്ഷികളുടെ മൊഴിയുമായി വൈരുദ്ധ്യമുള്ളതാണ്. ടി സാക്ഷിമൊഴികളെല്ലാം തന്നെ സംഭവത്തിന്റെ വിവരണം സംബന്ധിച്ച് വൈരുദ്ധ്യമുണ്ട്.

21. ***Kalpana Rai v. C.B.I [A.I.R 1998 SC 201]*** എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിച്ചു: "*സ്വതന്ത്ര സാക്ഷികളുടെ പിന്തുണയില്ല എന്ന കാരണത്താൽ പോലീസ് ഉദ്യോഗസ്ഥരുടെ മൊഴികൾ വിശ്വസിക്കാൻ കൊള്ളാത്തതാണെന്ന് ഒരു നിയമപരമായ തത്ത്വമായി പറയാനാവില്ല. പോലീസ് റെയ്ഡ് സമയത്ത് സ്വതന്ത്ര സാക്ഷികളുടെ അഭാവമോ, അത്തരം സാക്ഷികളെ വിസ്തരിക്കാതിരിക്കുകയോ ചെയ്യുന്നത്, പോലീസ് ഉദ്യോഗസ്ഥരുടെ മൊഴികൾ പരിശോധിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്താൻ കോടതിയെ ബാധ്യസ്ഥരാക്കുന്നു. പോലീസ് ഉദ്യോഗസ്ഥന്റെ മൊഴി സ്വീകാര്യമാണെന്ന് കണ്ടാൽ, സ്വതന്ത്ര സാക്ഷികളെ*

*വിസ്തരിച്ചില്ല എന്ന കാരണത്താൽ മാത്രം പ്രോസിക്യൂഷൻ വാദം കോടതി തള്ളിക്കളയണമെന്നത് തെറ്റായ ഒരു നിലപാടായിരിക്കും."* സമാനമായ ഒരു ചോദ്യം കൈകാര്യം ചെയ്ത **Tahir v. State (Delhi), [1996 (3) SCC 338]** എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം വിധിച്ചു: *"സൂക്ഷ്മമായ പരിശോധനയ്ക്ക് ശേഷം പോലീസ് ഉദ്യോഗസ്ഥരുടെ മൊഴികൾ വിശ്വാസയോഗ്യവും ആശ്രയിക്കാവുന്നതുമാണെന്ന് ബോധ്യപ്പെട്ടാൽ, അത് ശിക്ഷാവിധിക്ക് ആധാരമാക്കാവുന്നതാണ്. അവരുടെ മൊഴികളെ ശരിവെക്കുന്നതിനായി ആ പ്രദേശത്തെ സ്വതന്ത്ര സാക്ഷികളുടെ അഭാവം പ്രോസിക്യൂഷൻ കേസിന്റെ വിശ്വസനീയതയെ യാതൊരു തരത്തിലും ബാധിക്കില്ല."* ടി വിധിന്യായങ്ങളിൽ പറയും പ്രകാരം പോലീസ് സാക്ഷികളുടെ മൊഴി വിശകലനം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത സ്വീകരിക്കേണ്ടതുണ്ട്. ഇവിടെ പോലീസ് സാക്ഷികൾ തമ്മിലുള്ള മൊഴിയിലെ വൈരുദ്ധ്യം കണക്കിലെടുക്കുമ്പോൾ ടി സാക്ഷികളുടെ മൊഴിയിൽ മാത്രം വിശ്വാസ്യത ഊന്നിക്കൊണ്ട് പ്രതികൾക്കെതിരെയുള്ള കുറ്റകൃത്യം തെളിയിക്കാൻ ആകില്ല. സംഭവത്തിൽ മറ്റ് സ്വതന്ത്ര സാക്ഷികൾ ആരും ഇല്ല എന്നുള്ളതുകൂടി പരിഗണിക്കുമ്പോൾ ഈ സാക്ഷിമൊഴികളിലെ വൈരുദ്ധ്യം വിചാരണാഭാഗം കേസ് വളരെ ദുർബലപ്പെടുത്തുന്നതാണ്. 1 മുതൽ 6 വരെയുള്ള സാക്ഷികളുടെ മൊഴികളിൽ നിന്നും സ്ഥലത്ത് 50-ഓളം പേർ കൂടിയിരുന്നു എന്ന് കാണാം, എന്നാൽ ഇവരിൽ ആരെയും തന്നെ സാക്ഷിയാക്കുകയോ ആരുടെയും പേര് വിവരങ്ങൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല എന്നുള്ളത് സംശയമുളവാക്കുന്നതാണ്.

22. വിചാരണാഭാഗം കേസിലും സാക്ഷിമൊഴികളിലും കടയുടെ അവകാശ തർക്കം സംബന്ധിച്ചുള്ള കലാപം എന്ന് പറഞ്ഞിരിക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 143 ആം വകുപ്പിന്റെ പ്രധാന ഘടകം ആ കൂട്ടത്തിലുള്ള അംഗങ്ങൾ പങ്കുവെക്കുന്ന പൊതുദ്ദേശത്തിലാണ്. ആ ഉദ്ദേശം കൂട്ടായ്മയുടെ സമയത്തോ അതിനുശേഷമോ രൂപപ്പെട്ടതാണോ എന്നത് പ്രസക്തമല്ല; പക്ഷേ ആ ഉദ്ദേശം ആ കൂട്ടത്തിലുള്ള അംഗങ്ങൾക്കും പൊതുവായി ഉണ്ടായിരിക്കണം എന്നുള്ളതാണ്. ***Naresh @ Nehru v. State of Hariyana [(2023) 10 SCC 134]*** എന്ന കേസിൽ, ഇന്ത്യൻ ശിക്ഷാ നിയമം 149 വകുപ്പ് പ്രകാരം ഒരാളെ ശിക്ഷിക്കണമെങ്കിൽ, രണ്ടു അടിസ്ഥാന ഘടകങ്ങൾ

പ്രോസിക്യൂഷൻ തെളിയിക്കണം എന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു: *ഒന്നാമത്, പ്രതികൾ ഒരേ പൊതുദ്ദേശം പങ്കുവെച്ച് നിയമവിരുദ്ധ കൂട്ടായ്മയിൽ അംഗങ്ങളായിരിക്കണം; രണ്ടാമത്, ആ പൊതു ഉദ്ദേശം മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഭാഗമായി എന്ത് കുറ്റങ്ങൾ സംഭവിക്കാമെന്ന് പ്രതികൾക്ക് അറിയാവുന്ന നിലയിലായിരിക്കണം.* കൂടാതെ, ***Kuldip Yadav v. State of Bihar [AIR 2011 SC 1736], Saji Job v. Kerala Sarkkar [2024 (4) KHC 283]*** എന്നീ കേസുകളിൽ ഇന്ത്യൻ ശിക്ഷാനിയമം 143 വകുപ്പ് ബാധകമാകുന്നതിന് വേണ്ട അടിസ്ഥാന തത്വങ്ങൾ ബഹു:കേരള ഹൈക്കോടതി ആവർത്തിച്ചിട്ടുണ്ട്. നിലവിലെ കേസിൽ ലഭ്യമായ തെളിവുകൾ അനുസരിച്ച് പ്രതികൾ ഒരു പ്രത്യേക കുറ്റകരമായ പ്രവൃത്തിയ്ക്കായി ഒന്നിച്ചുകൂടിയതായി വ്യക്തമാക്കുന്നില്ല. പ്രതികൾ കുറ്റകരമായ ബലപ്രയോഗം നടത്തിയതായി തെളിവുകളൊന്നും ലഭ്യമല്ല, കൂടാതെ അനധികൃത സമ്മേളനത്തിന്റെ അവശ്യ ഘടകമായ പൊതുവായ ഉദ്ദേശ്യം പങ്കിടുന്നതിന്റെ തെളിവും ഇല്ല. കൂടാതെ, പ്രതികൾക്കു മുൻകൂട്ടിയുള്ള ഉദ്ദേശമോ ആ ഉദ്ദേശ്യത്തിനുപോലുള്ള ഏതെങ്കിലും പ്രവൃത്തിയിൽ പങ്കാളികളായിരുന്നുവെന്നോ തെളിവുകളില്ല. അന്തിമ റിപ്പോർട്ടും ലഭ്യമായ തെളിവുകളും പരിശോധിച്ചപ്പോൾ, ഇന്ത്യൻ ശിക്ഷാ നിയമം 143 വകുപ്പ് പ്രകാരം അനധികൃത സമ്മേളനം സൃഷ്ടിക്കാൻ ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഒന്നും സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നതാണ് വ്യക്തമാകുന്നത്. ബഹു. സുപ്രീംകോടതിയും വിവിധ ഹൈക്കോടതികളും പ്രതിപാദിച്ച നിയമതത്വങ്ങളെ പരിഗണിച്ചും രേഖകളിൽ പിന്തുണയുള്ള വ്യക്തമായ തെളിവുകളില്ലാത്ത സാഹചര്യത്തിലും, ഒരു പൊതുവായ ഉദ്ദേശ്യം ഉണ്ടെന്നതും പ്രതികൾ അനധികൃത സമ്മേളനത്തിൽ പങ്കെടുത്തുവെന്നതും തെളിയിക്കാൻ പ്രോസിക്യൂഷൻ പരാജയപ്പെട്ടുവെന്ന് കോടതി കണ്ടെത്തിയിരിക്കുന്നു. അതിനാൽ, പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തതായി സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷൻ പരാജയപ്പെട്ടു.

23. ഇന്ത്യൻ ശിക്ഷാ നിയമം 153 പ്രകാരമുള്ള കുറ്റം സ്ഥാപിക്കപ്പെടുന്നതിനുള്ള അനിവാര്യ ഘടകങ്ങൾ ചുവടെപ്പറയുന്നവയാണ്:

    1. പ്രതി ഒരു അനിയതമായ പ്രവർത്തി ചെയ്തു.

    2. ആ പ്രവർത്തി വിദ്വേഷത്തോടെയോ മനഃപൂർവം ചെയ്തതായിരിക്കണം.

3. ആ പ്രവർത്തി ഉറച്ച ഉദ്ദേശത്തോടെ അല്ലെങ്കിൽ അതിന് പ്രകോപനം ഉണ്ടാകും എന്ന അറിവോടെ, ആരെയെങ്കിലും കലാപം നടത്താൻ ഉദ്ദേശിച്ചുള്ളതായിരിക്കണം.

ഇന്ത്യൻ ശിക്ഷാ നിയമം 153 ആം വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന 'malignantly' അല്ലെങ്കിൽ 'wantonly' എന്ന വാക്കുകൾ പ്രതിയുടെ പ്രവർത്തിയിൽ ഒരു ഉയർന്ന തിന്മയോ ദുരുദ്ദേശമോ ഉണ്ടാകേണ്ടതിന്റെ ആവശ്യകത പ്രകടമാക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമം 153 വകുപ്പ് പ്രകാരം കുറ്റം ആകാൻ, ആ പ്രവർത്തി പ്രകോപനം നൽകുന്നതും, അതിനാൽ കലാപം സംഭവിക്കാൻ സാധ്യതയുള്ളതുമായതായിരിക്കണം. ഈ തത്വങ്ങൾ ***Sanjeev V. State of Kerala [2023 (3) KHC 324], Rohit Krishna V. State of Kerala [2023(6) KHC 249]*** എന്നീ കേസുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്നു. ഈ കേസിൽ ഏതെങ്കിലും തരത്തിലുള്ള പ്രകോപനം ഉണ്ടായതായി പ്രോസിക്യൂഷന് തെളിയിക്കാനായി സാധിച്ചിട്ടില്ല. പ്രോസിക്യൂഷന്റെ സാക്ഷി മൊഴികളിൽ നിന്ന് ആർക്കും തന്നെ പ്രകോപനം ഉണ്ടായതായോ ആരെങ്കിലും ഈ കാരണത്തിന് പരാതിയുമായി മുന്നോട്ട് വന്നിട്ടില്ലെന്നും വ്യക്തമാകുന്നു. FIR-ലുള്ള ആരോപണങ്ങളുടെ സ്വഭാവം കണക്കിലെടുത്താൽ, പ്രതികളുടെ പ്രവർത്തി പ്രകോപനം സൃഷ്ടിക്കുകയും അതിലൂടെ കലാപം ഉണ്ടാകുകയും ചെയ്യാൻ സാധ്യതയുള്ളതാണെന്ന് കണ്ടെത്താൻ സാധിക്കുന്നില്ല. അതിനാൽ, പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 153 വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തു എന്ന് തെളിയിക്കാൻ വിചാരണാഭാഗം പരാജയപ്പെട്ടു.

24. ഇന്ത്യൻ ശിക്ഷാ നിയമം 294 (b) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം നിലനിൽക്കണമെങ്കിൽ പ്രതികൾ സംഭവ സ്ഥലത്ത് അശ്ലീല വാക്കുകൾ ഉച്ചരിക്കുകയും അത്തരം പ്രവൃത്തി മറ്റുള്ളവർക്ക് അലോസരം ഉണ്ടാക്കുകയും ചെയ്തു എന്ന് തെളിയിക്കണം. സാക്ഷിമൊഴികൾ വിശകലനം ചെയ്യുമ്പോൾ PW6 മാത്രമാണ് പ്രതികൾ സംഭവസ്ഥലത്ത് അസഭ്യം വിളിച്ചതായി പറഞ്ഞിരിക്കുന്നത്. മറ്റ് സാക്ഷികളാരും തന്നെ പ്രതികൾ ഇപ്രകാരം അസഭ്യം വിളിച്ചതായി പറഞ്ഞിട്ടില്ല. സാക്ഷിമൊഴികളിലെ ഈ വൈരുദ്ധ്യം ഗുരുതര സ്വഭാവമുള്ളവയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ***Latheef v. State of Kerala (2014 (2) KHC 604)*** എന്ന

വിധിന്യായത്തിൽ ഇപ്രകാരം പറയുന്നു: *"അധിക്ഷേപകരമായ വാക്കുകളോ, അപമാനകരമായ വാക്കുകളോ, അപകീർത്തികരമായ വാക്കുകളോ നിയമം നിർവചിച്ചിട്ടുള്ള അശ്ലീലതയുടെ (obscenity) പരിധിയിൽ വരികയില്ല.' അതിനാൽ, ഉപയോഗിച്ച വാക്കുകൾ നിയമപരമായ മാനദണ്ഡങ്ങൾ അനുസരിച്ച് 'അശ്ലീലമാണെന്ന്' തെളിയിക്കേണ്ട ബാധ്യത പ്രോസിക്യൂഷനുണ്ട്."* ഈ വിധിന്യായത്തിൽ പറയും പ്രകാരം അപ്രകാരം ഒരു അസഭ്യവാക്ക് ഉപയോഗിച്ചത് ഒബ്സിനാണെന്നുള്ളതിന് തെളിവുമില്ല. ആയതിനാൽ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 294 (b) പ്രകാരമുള്ള കുറ്റം ചെയ്തു എന്ന് തെളിയിക്കുന്നതിൽ വിചാരണാഭാഗം പരാജയപ്പെട്ടു. ആയതിനാൽ ഒന്നു മുതൽ നാല് വരെയുള്ള സംഗതികളിൽ പറഞ്ഞ സൂചനകൾ എല്ലാം തന്നെ പ്രോസക്യൂഷന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

25. **<u>അഞ്ചാം സംഗതി:</u>** ഒന്നു മുതൽ നാല് വരെയുള്ള സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 5 വരെയുള്ള പ്രതികൾ ഭാരതീയ ശിക്ഷാ സംഹിതയുടെ 143, 147, 294 (b), 153 r/w 149 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതികളെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. പ്രതികളുടെ ജാമ്യക്കൈച്ചീട്ട് റദ്ദാക്കിയിരിക്കുന്നു. പ്രതികളെ നിരുപാധികം സ്വതന്ത്രരാക്കി വിട്ടയക്കുന്നു.

26. ഈ വിധിക്കെതിരെ ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട തിരുവനന്തപുരം സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഞാൻ പറഞ്ഞു കൊടുത്തതു പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 ഏപ്രിൽ മാസം 17 ആം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)

Sd/-

**ന്യായാധികാരി.**

**APPENDIX**

**List of Prosecution / Defence/ Court Witnesses**

**(Rule 134 Criminal Rules of Practice, Kerala)**

1. **Prosecution Witness**

| Rank | Name | Whether Eye witness, Police witness, Expert witness, Medical witness, Other witness |
|---|---|---|
| PW1 | ജീജ | പോലീസ് സാക്ഷി |
| PW2 | വിജയകുമാർ | ആവലാതിക്കാരൻ |
| PW3 | വിജുകുമാർ | പോലീസ് സാക്ഷി |
| PW4 | മിനി | പോലീസ് സാക്ഷി |
| PW5 | ഡൊമനിക് | ദൃക്സാക്ഷി |
| PW6 | ശ്രീലാൽ ചന്ദ്രശേഖരൻ | പോലീസ് ഉദ്യോഗസ്ഥൻ |
| PW7 | ജി.ആർ സ്റ്റീഫാരാജ് | അന്വേഷണ ഉദ്യോഗസ്ഥൻ |

2. **Defence Witness : Nil**
3. **Court Witness : Nil**

**List of Prosecution / Defence/ Court Exhibits**

4. **Prosecution Exhibits:**

| Sl.No. | Exhibit Number | Description | Date |
|---|---|---|---|
| 1. | Ext.P1/PW2 | കൃത്യസ്ഥല മഹസ്സർ | 08.09.2019 |
| 2. | Ext.P2/PW6 | പ്രഥമ വിവര പ്രസ്താവന | 08.09.2019 |
| 3. | Ext.P3/PW6 | പ്രഥമ വിവര റിപ്പോർട്ട് | 08.09.2019 |

| | | | |
|---|---|---|---|
| 4. | Ext.P4/PW6 | മൂന്നാം പ്രതിയുടെ ജാമ്യക്കൈച്ചീട്ട് | 08.09.2019 |
| 5. | Ext.P5/PW6 | പ്രതിയെ തിരിച്ചറിഞ്ഞ റിപ്പോർട്ട് (A3) | Nil |
| 6. | Ext.P6/PW7 | പ്രതിയെ തിരിച്ചറിഞ്ഞ റിപ്പോർട്ട് (A1, A2, A4, A5) | Nil |

5. **Defence Exhibits :** Nil
6. **Court Exhibits : Nil**
7. **Material Objects : Nil**

Sd/-

**ന്യായാധികാരി.**

**//True Copy//**

**ന്യായാധികാരി.**